(ബി) കാലാവധി കഴിഞ്ഞ പാട്ടഭൂമി ഏറ്റെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇപ്പോൾ സംസ്ഥാനത്ത് എത്ര ഹെക്ടർ പാട്ടഭൂമിയാണ് പാട്ടകാലാവധികഴിഞ്ഞ് നിലവിലുള്ളതെന്ന് പറയാമോ;

(ഡി) പാട്ടകാലാവധി കഴിഞ്ഞ കേസ്സുകളിൽ അവ വീണ്ടും പാട്ടത്തിന് നൽകുമ്പോൾ പാട്ടത്തുക വർദ്ധിപ്പിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ?

വനവും സ്പോർട്സും വകുപ്പ് മന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) ഇപ്പോൾ ഉദ്ദേശമില്ല.

(ബി) ഉചിതമെന്നു കാണുന്നപക്ഷം കാലാവധി കഴിഞ്ഞ പാട്ടഭൂമി ഏറ്റെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(സി) പാട്ടക്കാലാവധി കഴിഞ്ഞതായി 7359.9039 ഹെക്ടർ വനഭൂമിയാണുള്ളത്.

(ഡി) കാലാവധി കഴിഞ്ഞ് വീണ്ടും പാട്ടത്തിന് നൽകുമ്പോൾ പാട്ടനിരക്ക് പുതുക്കി നിശ്ചയിക്കാറില്ല. കാലകാലങ്ങളിൽ പൊതുവായിട്ടാണ് പാട്ടനിരക്ക് പുതുക്കി നിശ്ചയിക്കുന്നത്.

മിൽമയുടെ കാലിത്തീറ്റ ഉൽപാദനം

* 10 [583] ശ്രീ. എ. കെ. മണി:
,, എൻ. ശക്തൻ:
,, എം. എ. ചന്ദ്രശേഖരൻ:
,, എ. സുജനപാൽ:
,, ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരകർഷകർക്ക് ആവശ്യത്തിനുള്ള കാലിത്തീറ്റ നൽകുവാൻ മിൽമയ്ക്കു കഴിയുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന് ആവശ്യമായ കാലിത്തീറ്റ എത്രയാണ്;

(സി) മിൽമയുടെ കാലിത്തീറ്റയുൽപ്പാദനം എത്രയാണ്;

(ഡി) കുറഞ്ഞ വിലയ്ക്ക് ആവശ്യമായ കാലിത്തീറ്റ കർഷകർക്ക് ലഭ്യമാക്കുവാനായി മിൽമ ഫാക്ടറിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുകയോ പുതിയ ഫാക്ടറി തുടങ്ങുകയോ ചെയ്യാനുദ്ദേശമുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

കൃഷിയും കയറും വകുപ്പു മന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് ആവശ്യമായ കാലിത്തീറ്റയുടെ 25 ശതമാനം മാത്രമേ മിൽമ ഉൽപ്പാദിപ്പിക്കുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശാസ്ത്രീയമായി പശുപരിപാലനം നടത്തുകയാണെങ്കിൽ പ്രതിദിനം 6450 ടൺ സമീകൃത കാലിത്തീറ്റ ആവശ്യമാണ്.

(സി) 2000-2001-ൽ 1,26,452 മെട്രിക് ടൺ കാലിത്തീറ്റയും 2001-2002-ൽ 1,16,988 മെട്രിക് ടൺ കാലിത്തീറ്റയും, 2002-2003-ൽ 1,07,592 മെട്രിക് ടൺ കാലിത്തീറ്റയും മിൽമ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

(ഡി) പാലക്കാട് ജില്ലയിലുള്ള മലമ്പുഴ കാലിത്തീറ്റ ഫാക്ടറിയുടെ ഇപ്പോഴുള്ള ഉൽപ്പാദനശേഷിയായ 200 മെട്രിക് ടൺ എന്നുള്ളത് 300 മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രാരംഭ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനുംപുറമെ പുതിയ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള പരിശോധന നടത്തിവരികയും ചെയ്യുന്നു.

ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് കൃഷി ചെയ്യുന്നതിന് പദ്ധതി

* 11 [584] ശ്രീ. മഞ്ഞളാംകുഴി അലി:
„ ടി. കെ. ബാലൻ:
„ വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കൃഷിചെയ്യുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം മേഖലകളാണ് ഇതിനുവേണ്ടി കണ്ടെത്തിയിട്ടുള്ളതെന്ന് പറയാമോ;

(സി) ഇത് സംബന്ധിച്ച് പഠനം നടത്തിയ വി. എൽ. ചോപ്ര കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പഠന റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കുമോ; അതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ; പ്രസ്തുത പഠന റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഉണ്ട്.

(ബി) വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് കാർഷികവിജ്ഞാന വ്യാപനം, ജൈവസാങ്കേതിക വിദ്യയിലൂടെ ജൈവ കീടനിയന്ത്രണം, ജൈവവള പ്രയോഗം, ടിഷ്യൂകൾച്ചർ തൈകളുടെ ഉൽപ്പാദനം എന്നീ മേഖലകളിലാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

(സി) ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly